ഉത്തരം

(എ) ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടുകൾ സെക്രട്ടറിമാരുടെ പേരിൽ പുതുതായി തുടങ്ങുന്ന പി. ഡി. അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ത്രിതല പഞ്ചായത്തുകളിൽ അഞ്ചോ അതിലധികമോ പി.ഡി. അക്കൗണ്ടുകൾ പല ഉദ്യോഗസ്ഥൻമാരുടെ പേരിൽ നിലവിലുണ്ടായിരുന്നു. ഇവയിൽ കോടിക്കണക്കിനു രൂപ ശരിയായ കണക്ക് സൂക്ഷിക്കാതെയും ട്രഷറി കണക്കുമായി റീകൺസിലിയേഷൻ നടത്താതെയും സൂക്ഷിക്കുന്നതായും അതുമൂലം ധനദുർവിനിയോഗത്തിനും സാമ്പത്തിക ക്രമക്കേടുകൾക്കും സാദ്ധ്യതകളുള്ളതായും സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന് വിഷമതകളുള്ളതായും ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് പുതിയ അക്കൗണ്ടിംഗ് രീതി ഉൾപ്പെടെയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്.

(സി) പി. ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതോടൊപ്പം തന്നെ പുതിയ അക്കൗണ്ടുകൾ തുടങ്ങാനും നിർദ്ദേശമുണ്ട്. ഈ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കാമെന്നുള്ളതുകൊണ്ടും 2003 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള പദ്ധതി വിഹിതം ഇതിനകം അനുവദിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടും പഞ്ചായത്തുകൾക്ക് അസൗകര്യം ഉണ്ടാകാൻ സാധ്യതയുള്ളതായി കരുതുന്നില്ല.

മിതവ്യയം പാലിക്കാത്ത വകുപ്പുകൾ

8 [4746] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
„ യു. സി. രാമൻ:
„ കളത്തിൽ അബ്ദുള്ള:
„ മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് മിതവ്യയം പാലിക്കുന്നതിന് ഗവൺമെന്റ് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിർദ്ദേശങ്ങൾ പാലിക്കാത്ത വകുപ്പുകൾ ഏതെല്ലാം;

(ഡി) ഇതിനെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, മന്ത്രിമാരുടെയും ഓഫീസർമാരുടേയും വിമാനയാത്ര, വിദേശയാത്ര, ടെലഫോൺ, ഇന്ധന, ഓഫീസ് ചെലവുകൾ എന്നീ മേഖലകളിൽ മിതവ്യയം പാലിക്കുന്നതിനായി ഗവൺമെന്റ് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ വകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധിക്കാറുണ്ട്. മാത്രമല്ല വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി നടപ്പിലാക്കുവാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും അതാത് ഉത്തരവുകളിൽ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഗ്രാമീൺ ബാങ്കുകൾ നൽകുന്ന കാർഷിക ലോണുകൾ

9 [4747] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ പി. ജെ. ജോയി:
„ വി. ബാലറാം:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീൺ ബാങ്കുകൾ ഇക്കഴിഞ്ഞ വർഷം എന്തു തുകയ്ക്കുള്ള കാർഷിക ലോണുകൾ നൽകി;

(ബി) ഇത്തരം ബാങ്കുകൾ ഡെപ്പോസിറ്റിന് നൽകുന്ന പലിശ എന്താണ്;

(സി) അവ ലോണുകൾക്ക് ഈടാക്കുന്ന പലിശയെന്താണ്?

ഉത്തരം

(എ) ഗ്രാമീൺ ബാങ്കുകൾ കഴിഞ്ഞ സാമ്പത്തികവർഷം (2002-2003-ൽ) 407.75 കോടി രൂപയുടെ കാർഷിക ലോണുകൾ നൽകി.

(ബി) ഗ്രാമീൺ ബാങ്കുകൾ ഡെപ്പോസിറ്റിന് 4.50% മുതൽ 6.75% വരെ പലിശ നൽകുന്നുണ്ട്.

(സി) ഗ്രാമീൺ ബാങ്കുകൾ ലോണുകൾക്ക് 10.50% മുതൽ 14% വരെ പലിശ ഈടാക്കുന്നുണ്ട്. DRI ലോണുകൾക്ക് 4% പലിശയാണ് ഈടാക്കുന്നത്.

ജലസേചന-ജലവൈദ്യുത പദ്ധതികൾ മൂലമുള്ള ബാദ്ധ്യത

10 [4748] ശ്രീ. ബിനോയ് വിശ്വം:
„ പി. നാരായണൻ:
„ പി. എസ്. സുപാൽ:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly